**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1675** **13-02-2025 - ൽ മറുപടിയ്ക്ക്**

**2026-ലെ യു. ജി. സി. കരട് ഭേദഗതി നിർദേശങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി. പി .രാമകൃഷ്ണൻ,<br>ശ്രീ. എം.വിജിൻ,<br>ശ്രീ. കെ. പ്രേംകുമാർ,<br>ശ്രീ വി കെ പ്രശാന്ത്** | | **ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | രാജ്യത്തിന്റെ ഫെഡറൽ സംവിധാനത്തിനും ജനാധിപത്യ സംഹിതയ്ക്കും നിരക്കാത്തതും ഭരണഘടനയുടെ അന്തഃസത്ത ഉൾക്കൊള്ളാത്തതുമാണ് കേന്ദ്ര സർക്കാർ അടിച്ചേൽപ്പിക്കാൻ ശ്രമിക്കുന്ന 2026-ലെ കരട് യു.ജി.സി. ഭേദഗതി നിർദേശങ്ങൾ എന്ന് കരുതുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (എ) | ഉണ്ട്. 2025 ലെ യു.ജി.സി ചട്ടങ്ങളുടെ കരട് പരിശോധിച്ച സമിതിയുടെ പ്രാഥമിക റിപ്പോർട്ട് പ്രകാരം, പ്രസ്തുത ചട്ടം സംസ്ഥാനങ്ങളുടെ അവകാശങ്ങൾക്ക് മേലുള്ള കടന്നാക്രമണമാണെന്ന് വിലയിരുത്തയിട്ടുണ്ട്.. കരട് റെഗുലേഷനിലെ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച്, ചാൻസലറുടെ നോമിനി ചെയർപേഴ്സണും, രണ്ട് അംഗങ്ങൾ, പരോക്ഷമായി കേന്ദ്രസർക്കാർ നിയമിതരുമായിരിക്കുന്ന മൂന്നംഗ സെലക്ഷൻ കമ്മിറ്റിയെ നിയമിക്കാനുള്ള അധികാരം ചാൻസിലർ കൂടിയായ ഗവർണർക്കാണ്. ഭരണഘടനയുടെ 7-ാം ഷെഡ്യൂൾ പ്രകാരം സംസ്ഥാന സർവ്വകലാശാലകൾ സ്ഥാപിക്കുന്നതിനും മേൽനോട്ടം വഹിക്കുന്നതിനുമുള്ള അധികാരം സംസ്ഥാന സർക്കാരുകൾക്കാണ്. യു.ജി.സി യുടെ പങ്ക് ഉന്നത വിദ്യാഭ്യാസത്തിന്റെ ഏകോപനത്തിലും മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നതിലുമായി പരിമിതപ്പെടുത്തേണ്ടതാണ്. അതും സർവ്വകലാശാലകളുമായി കൂടിയാലോചിച്ച് മാത്രം. കരട് ചട്ടങ്ങൾ സംസ്ഥാന സർവ്വകലാശാലകൾക്കുള്ള ഫണ്ടിംഗിന്റെ 80% സംഭാവന ചെയ്യുന്ന സംസ്ഥാന ഗവൺമെന്റുകളുടെ പങ്കിനെ മാറ്റി നിർത്തുക മാത്രമല്ല, സർവ്വകലാശാലകളുടെ ജനാധിപത്യ പ്രവർത്തനത്തെ അവ ദുർബലപ്പെടുത്തുകയും ചെയ്യുന്നു. സർവ്വകലാശാലകളിലെ അക്കാദമിക് വൈദഗ്ധ്യത്തിന് മുൻഗണന നൽകുന്നതിന് പകരം സ്വകാര്യ മേഖലയിൽ നിന്നും വാണിജ്യ പശ്ചാത്തലത്തിൽ നിന്നുമുള്ള വൈസ് ചാൻസലർമാരെ നിയമിക്കാൻ നിർദ്ദേശിക്കുന്ന ആക്ഷേപകരമായ വ്യവസ്ഥകൾ അവയിൽ അടങ്ങിയിരിക്കുന്നു. ഇത് ഉന്നത വിദ്യാഭ്യാസത്തെ |

| | | | |
|---|---|---|---|
| | | | കൂടുതൽ വാണിജ്യവത്ക്കരിക്കുന്നതിനും അതിന്റെ സമഗ്രതയെ ഇല്ലാതാക്കുന്നതിനും ആത്യന്തികമായി അക്കാദമിക് സ്വാതന്ത്ര്യത്തെയും വിമർശനാത്മക ചിന്തയെയും ഇല്ലാതാക്കുന്നതിനും ഇടയാക്കും. അതിനാൽ ഈ നിയന്ത്രണങ്ങൾ പിൻവലിക്കേണ്ടതും സംസ്ഥാന സർക്കാരുകളുമായും ഉന്നത വിദ്യാഭ്യാസ രംഗത്തെ എല്ലാ പങ്കാളികളുമായും കൂടിയാലോചിച്ച് പുതിയ മാർഗ്ഗനിർദ്ദേശങ്ങൾ അവതരിപ്പിക്കേണ്ടതും അത്യാവശ്യമാണ്. |
| (ബി) | സർവ്വകലാശാലകളുടെയും മറ്റ് ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും നടത്തിപ്പിനായി കേന്ദ്ര-സംസ്ഥാന സർക്കാരുകൾ എത്ര ശതമാനം വീതമാണ് ചെലവഴിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) | ഉണ്ട്. 2025 ലെ യു.ജി.സി ചട്ടങ്ങളുടെ കരട് പരിശോധിച്ച സമിതിയുടെ പ്രാഥമിക റിപ്പോർട്ട് പ്രകാരം, പ്രസ്തുത ചട്ടം സംസ്ഥാനങ്ങളുടെ അവകാശങ്ങൾക്ക് മേലുള്ള കടന്നാക്രമണമാണെന്ന് വിലയിരുത്തയിട്ടുണ്ട്.. കരട് റെഗുലേഷനിലെ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച്, ചാൻസലറുടെ നോമിനി ചെയർപേഴ്സണും, രണ്ട് അംഗങ്ങൾ, പരോക്ഷമായി കേന്ദ്രസർക്കാർ നിയമിതരുമായിരിക്കുന്ന മൂന്നംഗ സെലക്ഷൻ കമ്മിറ്റിയെ നിയമിക്കാനുള്ള അധികാരം ചാൻസിലർ കൂടിയായ ഗവർണർക്കാണ്. ഭരണഘടനയുടെ 7-ാം ഷെഡ്യൂൾ പ്രകാരം സംസ്ഥാന സർവ്വകലാശാലകൾ സ്ഥാപിക്കുന്നതിനും മേൽനോട്ടം വഹിക്കുന്നതിനുമുള്ള അധികാരം സംസ്ഥാന സർക്കാരുകൾക്കാണ്. യു.ജി.സി യുടെ പങ്ക് ഉന്നത വിദ്യാഭ്യാസത്തിന്റെ ഏകോപനത്തിലും മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നതിലുമായി പരിമിതപ്പെടുത്തേണ്ടതാണ്. അതും സർവ്വകലാശാലകളുമായി കൂടിയാലോചിച്ച് മാത്രം. കരട് ചട്ടങ്ങൾ സംസ്ഥാന സർവ്വകലാശാലകൾക്കുള്ള ഫണ്ടിംഗിന്റെ 80% സംഭാവന ചെയ്യുന്ന സംസ്ഥാന ഗവൺമെന്റുകളുടെ പങ്കിനെ മാറ്റി നിർത്തുക മാത്രമല്ല, സർവ്വകലാശാലകളുടെ ജനാധിപത്യ പ്രവർത്തനത്തെ അവ ദുർബലപ്പെടുത്തുകയും ചെയ്യുന്നു. സർവ്വകലാശാലകളിലെ അക്കാദമിക് വൈദഗ്ധ്യത്തിന് മുൻഗണന നൽകുന്നതിന് പകരം സ്വകാര്യ മേഖലയിൽ നിന്നും വാണിജ്യ പശ്ചാത്തലത്തിൽ നിന്നുമുള്ള വൈസ് ചാൻസലർമാരെ നിയമിക്കാൻ നിർദ്ദേശിക്കുന്ന ആക്ഷേപകരമായ വ്യവസ്ഥകൾ അവയിൽ അടങ്ങിയിരിക്കുന്നു. ഇത് ഉന്നത വിദ്യാഭ്യാസത്തെ കൂടുതൽ വാണിജ്യവത്ക്കരിക്കുന്നതിനും അതിന്റെ സമഗ്രതയെ ഇല്ലാതാക്കുന്നതിനും ആത്യന്തികമായി അക്കാദമിക് സ്വാതന്ത്ര്യത്തെയും വിമർശനാത്മക ചിന്തയെയും ഇല്ലാതാക്കുന്നതിനും ഇടയാക്കും. അതിനാൽ ഈ നിയന്ത്രണങ്ങൾ പിൻവലിക്കേണ്ടതും സംസ്ഥാന സർക്കാരുകളുമായും ഉന്നത വിദ്യാഭ്യാസ |

| | | | |
|---|---|---|---|
| | | | രംഗത്തെ എല്ലാ പങ്കാളികളുമായും കൂടിയാലോചിച്ച് പുതിയ മാർഗ്ഗനിർദ്ദേശങ്ങൾ അവതരിപ്പിക്കേണ്ടതും അത്യാവശ്യമാണ്. |
| (സി) | നിലവിൽ സംസ്ഥാന സർക്കാരുകളുടെ അധീനതയിലുണ്ടായിരുന്ന ഏതെല്ലാം അധികാരാവകാശങ്ങളാണ് പ്രസ്തുത ഭേദഗതിയിലൂടെ അട്ടിമറിക്കാൻ ശ്രമിക്കുന്നതെന്ന് വിശദമാക്കുമോ; | (സി) | ഉണ്ട്. 2025 ലെ യു.ജി.സി ചട്ടങ്ങളുടെ കരട് പരിശോധിച്ച സമിതിയുടെ പ്രാഥമിക റിപ്പോർട്ട് പ്രകാരം, പ്രസ്തുത ചട്ടം സംസ്ഥാനങ്ങളുടെ അവകാശങ്ങൾക്ക് മേലുള്ള കടന്നാക്രമണമാണെന്ന് വിലയിരുത്തയിട്ടുണ്ട്.. കരട് റെഗുലേഷനിലെ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച്, ചാൻസലറുടെ നോമിനി ചെയർപേഴ്സണും, രണ്ട് അംഗങ്ങൾ, പരോക്ഷമായി കേന്ദ്രസർക്കാർ നിയമിതരുമായിരിക്കുന്ന മൂന്നംഗ സെലക്ഷൻ കമ്മിറ്റിയെ നിയമിക്കാനുള്ള അധികാരം ചാൻസിലർ കൂടിയായ ഗവർണർക്കാണ്. ഭരണഘടനയുടെ 7-ാം ഷെഡ്യൂൾ പ്രകാരം സംസ്ഥാന സർവ്വകലാശാലകൾ സ്ഥാപിക്കുന്നതിനും മേൽനോട്ടം വഹിക്കുന്നതിനുമുള്ള അധികാരം സംസ്ഥാന സർക്കാരുകൾക്കാണ്. യു.ജി.സി യുടെ പങ്ക് ഉന്നത വിദ്യാഭ്യാസത്തിന്റെ ഏകോപനത്തിലും മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നതിലുമായി പരിമിതപ്പെടുത്തേണ്ടതാണ്. അതും സർവ്വകലാശാലകളുമായി കൂടിയാലോചിച്ച് മാത്രം. കരട് ചട്ടങ്ങൾ സംസ്ഥാന സർവ്വകലാശാലകൾക്കുള്ള ഫണ്ടിംഗിന്റെ 80% സംഭാവന ചെയ്യുന്ന സംസ്ഥാന ഗവൺമെന്റുകളുടെ പങ്കിനെ മാറ്റി നിർത്തുക മാത്രമല്ല, സർവ്വകലാശാലകളുടെ ജനാധിപത്യ പ്രവർത്തനത്തെ അവ ദുർബലപ്പെടുത്തുകയും ചെയ്യുന്നു. സർവ്വകലാശാലകളിലെ അക്കാദമിക് വൈദഗ്ധ്യത്തിന് മുൻഗണന നൽകുന്നതിന് പകരം സ്വകാര്യ മേഖലയിൽ നിന്നും വാണിജ്യ പശ്ചാത്തലത്തിൽ നിന്നുമുള്ള വൈസ് ചാൻസലർമാരെ നിയമിക്കാൻ നിർദ്ദേശിക്കുന്ന ആക്ഷേപകരമായ വ്യവസ്ഥകൾ അവയിൽ അടങ്ങിയിരിക്കുന്നു. ഇത് ഉന്നത വിദ്യാഭ്യാസത്തെ കൂടുതൽ വാണിജ്യവത്ക്കരിക്കുന്നതിനും അതിന്റെ സമഗ്രതയെ ഇല്ലാതാക്കുന്നതിനും ആത്യന്തികമായി അക്കാദമിക് സ്വാതന്ത്ര്യത്തെയും വിമർശനാത്മക ചിന്തയെയും ഇല്ലാതാക്കുന്നതിനും ഇടയാക്കും. അതിനാൽ ഈ നിയന്ത്രണങ്ങൾ പിൻവലിക്കേണ്ടതും സംസ്ഥാന സർക്കാരുകളുമായും ഉന്നത വിദ്യാഭ്യാസ രംഗത്തെ എല്ലാ പങ്കാളികളുമായും കൂടിയാലോചിച്ച് പുതിയ മാർഗ്ഗനിർദ്ദേശങ്ങൾ അവതരിപ്പിക്കേണ്ടതും അത്യാവശ്യമാണ്. |
| (ഡി) | ഉന്നത വിദ്യാഭ്യാസ മേഖലയെ കച്ചവടവത്ക്കരിക്കുന്നതിനും മത-വർഗ്ഗീയ ആശയ | (ഡി) | ഇപ്പോൾ പുറത്തിറക്കിയ യു.ജി.സി കരട് മാർഗ്ഗനിർദ്ദേശങ്ങൾ പിൻവലിച്ച് |

| | | | |
|---|---|---|---|
| | പ്രചരണത്തിനുമായുള്ള കേന്ദ്രസർക്കാർ നീക്കത്തെ തുറന്ന് കാണിക്കുന്നതിനും നേരിടുന്നതിനും ആവശ്യമായ എന്തെല്ലാം ശ്രമങ്ങളാണ് നടത്തുന്നതെന്ന് വ്യക്തമാക്കുമോ? | | ബന്ധപ്പെട്ടവരുമായെല്ലാം വിശദമായ ചർച്ചകൾ നടത്തി അവരുടെ അഭിപ്രായങ്ങൾ കണക്കിലെടുത്തുകൊണ്ട് മാത്രം പുതിയ മാനദണ്ഡങ്ങൾ പുറപ്പെടുവിക്കണമെന്ന് കേന്ദ്ര സർക്കാരിനോടാവശ്യപ്പെട്ട് 21.01.2025 ന് കേരള നിയമസഭ ഐക്യകണ്ഠേന പ്രമേയം പാസ്സാക്കുകയും അത് കേന്ദ്ര സർക്കാരിൽ അയച്ചു നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ, ഡ്രാഫ്റ്റ് റഗുലേഷനിലെ സംസ്ഥാന താൽപര്യങ്ങൾക്ക് വിരുദ്ധമായ ശുപാർശകൾ സംബന്ധിച്ച് സർക്കാരിന്റെ അഭിപ്രായം 03.02.2025 ന് കേന്ദ്ര സർക്കാരിനേയും യു.ജി.സി യെയും അറിയിച്ചിട്ടുണ്ട്.<br><br>കൂടാതെ യു.ജി.സി റെഗുലേഷൻ 2025-ന്റെ കരടിനെതിരെ 20/02/2025-ന് സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസ മേഖലയിലുള്ളവരെയും മറ്റ് സംസ്ഥാനങ്ങളിലെ മന്ത്രിമാരുൾപ്പടെയുള്ള പ്രതിനിധികളെയും പങ്കെടുപ്പിച്ചു കൊണ്ട് ദേശീയ വിദ്യാഭ്യാസ കൺവൻഷൻ സംഘടിപ്പിക്കുവാൻ നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ